# കല കാലത്തിന്റെ കണ്ണാടിയോ ?

Friday 04 December 2015 03:29 PM IST

by കാരൂർ സോമൻ ചാരുംമൂട്



Facebook Twitter Google+ Mail + − Text Size

കലയും കലാകാരനും കാലത്തെ ഉഴുതുമറിക്കുന്നവരാണ്. എന്നാൽ, കേരളത്തിന്റെ മനസ്സും യശ്ശസും ഉയർത്തിയ മലയാളത്തിന്റെ സ്വന്തം കലകളെ നാം മറന്നുകൊണ്ടേയിരിക്കുന്നു. ധാരാളം ദൃശ്യമാധ്യമങ്ങൾ കേരള മണ്ണിൽ ഉണ്ടായിട്ടും അതിനെ ഫലപ്രദമായി ഉപയോഗിക്കാൻ ഇന്നുള്ളവർക്കു കഴിയുന്നില്ല. വിശ്വകലയായി എ.ഡി. 1630 കളിൽ രൂപമെടുത്ത കലകളുടെ രാജാവായി അറിയപ്പെട്ട കേരളത്തിന്റെ സ്വന്തം കഥകളി ഇന്ന് വിസ്മൃതപ്പെട്ടു കൊണ്ടേയിരിക്കുന്നു. പുതിയ തലമുറയ്ക്ക് കഥകളിക്ക് രൂപവും ഭാവവും നൽകിയ കുഞ്ഞിക്കുട്ടൻ തമ്പൂരാനെ അറിയില്ല. കൊട്ടാരക്കരത്തമ്പുരാനെ അറിയില്ല. അദ്ദേഹം രാമായണത്തെ എട്ടു ദിവസത്തെ കഥയാക്കി വിഭജിച്ച് നിർമ്മിച്ച രാമനാട്ടമാണ് പിൽക്കാലത്തു കഥകളിയായി പരിണമിച്ചത്. നൃത്തം, നാട്യം, നൃത്യം, ഗീതം , വാദ്യം എന്നിങ്ങനെ അഞ്ചു ഘടങ്ങളുടെ സമഞ്ജസ സമ്മേളനമാണ് കഥകളി. ഇതു കൂടാതെ സാഹിത്യം ഒരു പ്രധാന വിഭാഗമാണെങ്കിലും ഇതു ഗീതത്തിന്റെ ഉപവിഭാഗമായി കരുതപ്പെടുന്നു.

കലകളുടെ പിതാവ് കഥകളിയാണെങ്കിൽ ചാക്യാൻമാർ അവതരിപ്പിക്കുന്ന കൂടിയാട്ടം മാതാവാണ്. ലോക പൈതൃകമായി യുനെസ്കോ അംഗീകരിച്ച ആദ്യത്തെ ഭാരതീയ നൃത്ത രൂപമാണ് കൂടിയാട്ടം. അഭിനയ കലയ്ക്ക് നൃത്തത്തേക്കാൾ പ്രാധാന്യം നൽകുന്നതിനാൽ കൂടിയാട്ടത്തിനെ ‘അഭിനയത്തിന്റെ അമ്മ’ എന്നും വിശേഷിപ്പിക്കുന്നു. കൂടിയാട്ടത്തിന്റെ ഇപ്പോഴുള്ള രൂപത്തിന് എണ്ണൂറ് വർഷങ്ങളുടെ പഴക്കമെയുള്ളൂ. ഏറ്റവും പ്രാചീനമായ സംസ്കൃത നാടക രൂപങ്ങളിലൊന്നാണിത്. പൂർണരൂപത്തിൽ ഒരു കൂടിയാട്ടം അവതരിപ്പിക്കാൻ 41 ദിവസം വേണ്ടി വരുമെന്ന അറിയുമ്പോഴാണ് ഇതിന്റെ മഹത്വം വെളിപ്പെടുന്നത്. കൃഷ്ണനാട്ടം, കൂത്ത്, തെയ്യം, തിറ തുടങ്ങിയ കലകളൊക്കെയും ഇന്ന് നമ്മുടെ സംസ്കാരത്തിൽ നിന്നും വേറിട്ട് പോകുന്നു.

ഇതിൽ മോഹനിയാട്ടത്തെ സ്വന്തം കാമുകിയെന്ന് വേണമെങ്കിൽ വിളിക്കാം. മോഹിനിയാട്ടം കേരളത്തിന്റെ തനത് ലാസ്യനൃത്തകലാരൂപമാണ്. നാട്യശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന ചതുർവൃത്തികളിൽ ലാസ്യലാവണ്യസമ്പന്നമായ കൈശികീ വൃത്തിയിൽ ഊന്നിയ ചലനങ്ങളാണ് മോഹിനിയാട്ടത്തിന്റെ മുഖമുദ്ര. ഭാരതി, സാത്വതി, ആരഭടി എന്നിവയാണ് മറ്റു മൂന്നു വൃത്തികൾ. രസരാജനായ ശൃംഗാരമാണു മോഹിനിയാട്ടത്തിൽ കൂടുതലായി ആവിഷ്കരിക്കപ്പെടാറുള്ളത്. ശൃംഗാര രസ പ്രകരണത്തിനു ഏറ്റവും അനുയോജ്യമായ വൃത്തിയും കൈശികിയത്രെ. മലയാളത്തിലെ ഒരേയൊരു ശാസ്ത്രീയ സ്ത്രീ നൃത്ത സകലയായ മോഹിനിയാട്ടം ഈയിടെയായി പുരുഷന്മാരും അവതരിപ്പിച്ചു കാണുന്നു. കേരളീയ ക്ഷേത്രങ്ങളിൽ നിലനിന്നിരുന്ന ദേവ ദാസീനൃത്തത്തിന്റെ പരിഷ്കരിച്ച രൂപമാണ് മോഹിനിയാട്ടം. കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ കേരളത്തിലെ പ്രശസ്തയായ മോഹിനിയാട്ട നർത്തകിയായിരുന്നു. എന്നാൽ പുതിയ തലമുറയ്ക്കൊന്നും ഇതിനെക്കുറിച്ച് യാതൊരു പിടിപാടുമില്ല.

മോഹിനിയെന്നാൽ സൗന്ദര്യത്തിന്റെ താജ് മഹൽ തീർക്കുന്നവൾ എന്ന് അർത്ഥം. സാഹിത്യകാരന്റെ രചനകളിൽ നിറഞ്ഞു നിൽക്കുന്ന വശ്യ സൗന്ദര്യമാണ് മദാലസയായ മോഹിനിയിലുള്ളത്. അവളുടെ ഓരോ ചലനങ്ങളും രസാനുഭൂതി തലത്തിൽ സംഗമിക്കുന്നു. മലയാളത്തനിമയുള്ള സ്ത്രീകളുടെ സൗന്ദര്യവിതാനം കസവു സാരിയിലെന്നപോലെ കൊട്ടും പാട്ടും കാലിൽ ചിലങ്കയും കൈകളിൽ വളകളും കൈകളിൽ മൈലാഞ്ചിയും പുരികം, ചുണ്ടുകൾ, കവിളുകൾ, കണ്ണുകൾ, സിന്ദൂരപ്പൊട്ടുകൾ എല്ലാം തന്നെ ആസ്വാദക ഹൃദയങ്ങളെ ആകർഷിക്കും വിധമാണ് ഓരോ ചുവടുകളും മോഹിനിയാട്ടം നൃത്തകലയിൽ അവതരിപ്പിക്കുന്നത്.

കല കാലത്തിന്റെ കണ്ണാടിയാണോയെന്ന് സൂക്ഷ്മ തലത്തിൽ നിരീക്ഷിച്ചാൽ ഈ നടന ചാതുര്യമായ മോഹിനിയാട്ടത്തെ കൊമേഷ്സ്യൽ സിനിമകളും കലാ കച്ചവടക്കാരും തിന്നു കൊഴുക്കുമ്പോൾ പന്നിക്ക് ചെവി കേൾക്കില്ലെന്ന ഭാവത്തിൽ മോഹിനിയുടെ കസവുസാരി അഴിച്ചു മാറ്റി ഒരു മുഴം തുണിയണിഞ്ഞ് മിന്നിത്തെളിയുന്ന വർണ്ണ പ്രകാശത്തിൽ അവളുടെ നടന ശരീരത്തെ അടയാളപ്പെടുത്തി പണക്കൊയ്ത്തുണ്ടാക്കുന്നു. വാസ്തവത്തിൽ ദൃശ്യമാധ്യമങ്ങൾ കേരളീയ കലാരൂപങ്ങളോടു ചെയ്യുന്നത് ധാർമ്മികമായ അവഹേളനമാണ്. കഥകളിയുടെ കാര്യത്തിലും മോഹിനിയാട്ടത്തിന്റെ കാര്യത്തിലും സ്ഥിതി ഇതു തന്നെ. കൊമേഷ്സ്യൽ സിനിമ പരിഷ്ക്കരണം ഇത്തരം വഴിപിഴച്ച പോക്കിന് നാന്ദിക്കുറിച്ചു എന്നു വേണം പറയാൻ.

കേരളത്തിന്റെ സ്വന്തം സംസ്കൃതകലകൾക്ക് ലഭിച്ച ഈ ചാട്ടവാറടി പുതു തലമുറയുടെ സംഭാവനയാണ്. അക്കൂട്ടത്തിൽ മദ്യം, മയക്കു മരുന്ന്, ബലാൽസംഗം, ഗുണ്ടായിസം, അഴിമതി, അന്യായം തുടങ്ങിയ ധാർമ്മികച്യൂതികൾ കൂടി സംഭവിക്കുമ്പോൾ കലയെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിക്ക് പോലും കണ്ണു കാണാൻ കഴിയുന്നില്ലെന്നതാണ് സത്യം. കലാമൂല്യമിടിഞ്ഞ് ഇന്നത്തെ കലയെന്ന നിലയിൽ നമ്മുടെ സിനിമ പേരുമാറ്റി കഴിഞ്ഞു. വളർന്നുവരുന്ന കുട്ടികൾ ഈ കൃത്രിമ സൗന്ദര്യത്തിന്റ മായാജാലത്തിനുള്ളിൽ ആനന്ദത്തിന്റെ നിറനിലാവ് കാണുന്നു. ജീവിത ദർശനമില്ലാത്ത ഇന്നത്തെ ബഹുഭൂരിപക്ഷം കച്ചവട- സിനിമകൾ പ്രത്യേകിച്ചും യുവജനതയെ വഴിതെറ്റിക്കുന്നു. ഇന്ത്യയിലെ സെൻസർ ബോർഡിലുള്ളവർ കാവ്യബോധമില്ലാത്ത രാഷ്ട്രീയ പ്രതിനിധികളായതിനാൽ അവരുടെ ഇത്തരം ധാർമ്മിക ച്യൂതികൾക്ക് നേരെ ജിഹ്വയാവുന്ന നാവ് പൊക്കില്ല. ഒരു സ്ത്രീയുടെ ശരീരത്തെ കച്ചവടം ചെയ്യുന്നതിൽ അവർക്ക് കുറ്റബോധമില്ല. അവളുടെ ശരീരത്തെ ആഴത്തിൽ കാണാനാണ് ഇവർക്കും താല്പര്യം. മദ്യം ആരോഗ്യത്തിന് ഹാനികരം എന്നെഴുതി കാണിച്ചു കൊണ്ടും മദ്യം കഴിപ്പിക്കുന്നു. പുകവലിക്കരുതെന്നു കാണിച്ചു കൊണ്ട് പുകവലി കാട്ടി ക്യാൻസറിനെ വിലയ്ക്കെടുക്കുന്നു. ഇത് ധാർമ്മിക അധഃപതനത്തിന്റെ ദ്വന്ദഭാവമാണ്.

വാസ്തവത്തിൽ, ഇത് ഇന്ത്യൻ രാഷ്ട്രീയ ഭരണത്തിന്റെ ഇരട്ടത്താപ്പ് നയമാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. മറിച്ചായാൽ മദ്യരാജാക്കന്മാരിൽ നിന്നുള്ള കോടിക്കണക്കായ കള്ളപ്പണം വിദേശ ബാങ്കുകളിൽ എത്തില്ല. മദ്യം വിലക്കപ്പെട്ട കനിയെങ്കിൽ അതു പൂർണ്ണമായും നിരോധിക്കുകയാണ് വേണ്ടത്. അല്ലാതെ, യുവജനങ്ങൾക്ക് ആവശ്യമായി വിധത്തിൽ മദ്യപിക്കാനുള്ള മദ്യശാലകൾ തുറന്നു നൽകുകയാണോ വേണ്ടതെന്ന് നമ്മുടെ അധികൃതർ രണ്ടു വട്ടം ചിന്തിക്കേണ്ടിയിരിക്കുന്നു.

ഇവിടെ മാർക്സ് ഒക്കെ ചൂണ്ടിക്കാട്ടിയതു പോലെ സ്ഥിതി സമത്വമില്ലെന്നും നാം തിരിച്ചറിയേണ്ടിയിക്കുന്നു. ഇത്തരം ദുർനടത്തത്തിനു വിധേയരാവുന്നവരിലേറെയും താഴേക്കിടയിലുള്ള ദുർബലരാണ്. മദ്യത്തിനും മയക്കു മരുന്നിനും കീഴടങ്ങി വീടുകളിൽ റോഡുകളിൽ മയങ്ങി വീഴുന്നതും മരിക്കുന്നതൊന്നും സമ്പന്ന വർഗ്ഗത്തിൽപ്പെട്ടവരല്ല. അതുപോലെ സിനിമകളിൽ കാണുന്ന വൈകൃത ലൈംഗീകത, ബലാൽസംഗങ്ങൾ, മയക്കു മരുന്നുകൾ കുട്ടികളുടെ മനസ്സുകളിൽ ആഴത്തിൽ വേരുന്നൂന്നവയാണ്.

ഈ സിനിമകളും അധികാരത്തിന്റെ അഹങ്കാരവും കൂട്ടുകച്ചവടങ്ങളും സമൂഹത്തിനെന്നും ഒരു വിപത്തു തന്നെയാണ്. ഈ വിപത്തിനെയാണ് നാം കണ്ടില്ലെന്നു നടിക്കുന്നത്. സത്യത്തിന്റെയും മാനവമൂല്യങ്ങളുടെയും മൈതാനത്തിലൂടെ ഇവർ എന്നാണ് സഞ്ചരിക്കുക ! ഇവർ അക്ഷരത്തിൽ നിന്ന് അക്കത്തിലേക്ക് മാറിയത് എന്തിനാണ് ?

സാഹിത്യത്തിന് മാധ്യമം ഭാഷയെങ്കിൽ ഇന്നത്തെ കച്ചവട സിനിമകൾ, നടീനടന്മാരുടെ മാധ്യമമായി മാറിക്കൊണ്ടിരിക്കുന്നത് ദൃശ്യമാധ്യമങ്ങളാണ്. ചാനലുകളിൽ ചർച്ച ചെയ്യുന്നത് കച്ചവട സിനിമകളും അതിലെ നടീനടന്മാരുമാണ്. എന്നാൽ സാഹിത്യമോ സാഹിത്യകാരന്മാരോ പ്രകൃതിയോ, കൃഷിയോ, ശാസ്ത്രമോ ശാസ്ത്രകാരന്മാരെയോ കാണാനില്ല. കാഴ്ചക്കാരിൽ ലഹരിയും പ്രണയ ലൈംഗീകതയും നിറച്ചാൽ കാശുണ്ടാക്കാം. അതാണ് അവരും ലക്ഷ്യമിട്ടിരിക്കുന്നത്. കാലത്തിന് പറ്റിയ കോലങ്ങൾ ! അറിവിൽ അജ്ഞരും നിസ്സഹായരുമായ മനുഷ്യരെ മായാജാലം പോലുള്ള സിനിമകൾ കാണിച്ചല്ല ബോധവാന്മാരാക്കേണ്ടത്. അവർക്ക് അറിവിന്റെ ലോകം തുറന്നുകൊടുക്കണം എങ്കിലേ കാലത്തിന്റെ കണ്ണാടിയായി കലകളെ മാധ്യമങ്ങളെ കാണാൻ കഴിയൂ.

Advertisement

Your Rating: Overall Rating 0, Based on 0 votes

Like Share Sign Up to see what your friends like.

Facebook Twitter Google+ Mail

### Disclaimer

ഇവിടെ പോസ്റ്റ് ചെയ്യുന്ന അഭിപ്രായങ്ങൾ മനോരമയുടേതല്ല. അഭിപ്രായങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം രചയിതാവിനായിരിക്കും. കേന്ദ്ര സർക്കാറിന്റെ ഐടി നയപ്രകാരം വ്യക്തി, സമുദായം, മതം, രാജ്യം എന്നിവയ്ക്കെതിരായി അധിക്ഷേപങ്ങളും അശ്ലീല പദപ്രയോഗങ്ങളും നടത്തുന്നത് ശിക്ഷാർഹമായ കുറ്റമാണ്. ഇത്തരം അഭിപ്രായ പ്രകടനത്തിന് നിയമനടപടി കൈക്കൊള്ളുന്നതാണ്.





© Copyright 2020 Manoramaonline.
All rights reserved.